# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 335. 09.06.2014 ൽ മറുപടിയ്ക്ക്.

## സ്വകാര്യ ബസ്സുകളിലെ മിന്നൽ പരിശോധന

| ചോദ്യം<br>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പ്രൈവറ്റ് ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യമനുവദിക്കാതെ, ബസ് ജീവനക്കാർ വിദ്യാർത്ഥികളോട് പരുഷമായി പെരുമാറുന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതു സംബന്ധമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ബി) | പ്രൈവറ്റ് ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യമനുവദിക്കാതെ ബസ് ജീവനക്കാർ വിദ്യാർത്ഥികളോട് പരുഷമായി പെരുമാറുന്നത് സംബന്ധിച്ച പരാതികൾ ലഭിച്ചാൽ പ്രസ്തുത ബസ്സിന്റെ ഉടമസ്ഥനേയും ബസ്സിലെ ജീവനക്കാരെയും ആർ.ടി. ഓഫീസിൽ വിളിച്ച് വരുത്തി വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം അനുവദിക്കണമെന്നും മാന്യമായി പെരുമാറണമെന്നും താക്കീത് നൽകുകയും, പ്രസ്തുത രീതിയിൽ വിദ്യാർത്ഥികളോട് അപമര്യാദയായി പെരുമാറില്ല എന്ന് സത്യവാങ്മൂലം എഴുതി വാങ്ങുകയുമാണ് ചെയ്തുവരുന്നത്. പ്രസ്തുത കുറ്റം ജീവനക്കാർ ആവർത്തിക്കുകയാണെങ്കിൽ വാഹനം പരിശോധനയ്ക്ക് വിധേയമാക്കുകയും ചെക്ക്റിപ്പോർട്ട് തയ്യാറാക്കി പിഴ ഈടാക്കുക, കണ്ടക്ടറുടേയും ഡ്രൈവറുടേയും ലൈസൻസ് 6 മാസത്തേയ്ക്ക് സസ്പെന്റ് ചെയ്യുക, വാഹനത്തിന്റെ പെർമിറ്റ് സസ്പെന്റ് ചെയ്യുക തുടങ്ങിയ നടപടികൾ സ്വീകരിക്കാറുമുണ്ട്. |
| (സി) | യാത്രാസൗജന്യം അനുവദിക്കാത്ത ബസ്സുടമകൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്നും ഏതു വകുപ്പ് പ്രകാരമാണ് നടപടി സ്വീകരിച്ചത് എന്നും അറിയിക്കുമോ ; | (സി) | യാത്രാ സൗജന്യം അനുവദിക്കാത്ത 6 ബസ്സുടമകൾക്കെതിരെ വാഹനത്തിന്റെ പെർമിറ്റ് റദ്ദു ചെയ്യൽ, പിഴയിനത്തിൽ 5000/- രൂപ ഈടാക്കൽ മുതലായ നിയമനടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കുറ്റകൃത്യങ്ങളുടെ സ്വഭാവം അനുസരിച്ച് 1988 ലെ മോട്ടോർ വാഹന നിയമത്തിലെ 86, 178(2), 179, 192 എന്നീ വകുപ്പുകൾ പ്രകാരവും 1989 ലെ കേരള മോട്ടോർവാഹന ചട്ടങ്ങളിലെ 177,186, എന്നീ ചട്ടങ്ങൾ പ്രകാരവുമാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. |
| (ഡി) | ഇത്തരം പരാതികളില്ലാതാക്കാൻ തലസ്ഥാന നഗരത്തിലെങ്കിലും സ്വകാര്യ ബസ്സുകളിൽ മിന്നൽ പരിശോധന നടത്താൻ മോട്ടോർ വാഹനവകുപ്പിനും, പോലീസിനും അധികാരം നൽകുമോ ? | (ഡി) | സ്വകാര്യ ബസ്സുകളിൽ പരിശോധന നടത്താൻ പോലീസിനും മോട്ടോർവാഹന വകുപ്പ് ഉദ്യോഗസ്ഥർക്കും അധികാരമുണ്ട്. എൻഫോഴ്സ്മെന്റ് സ്ക്വാഡും പോലീസും പരാതി ലഭിക്കുന്ന അവസരങ്ങളിൽ ബസ്സുകളിൽ മിന്നൽ പരിശോധനയും നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ.